## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### തൊഴിൽരഹിതർക്ക് വിദഗ്ദ്ധ പരിശീലനത്തിനുള്ള കേന്ദ്രപദ്ധതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7513 — 14.07.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ<br>,, അൻവർ സാദത്ത്<br>,, പി.സി.വിഷ്ണുനാഥ്<br>,, വി.ഡി.സതീശൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമങ്ങളിലുള്ളദരിദ്രകുടുംബങ്ങളിലെ തൊഴിൽരഹിതർക്ക് കുടുംബശ്രീ വഴി നടപ്പാക്കുന്ന വിദഗ്ദ്ധ പരിശീലനവും തൊഴിലും ഉറപ്പാക്കുന്നതിനുള്ള കേന്ദ്രപദ്ധതി നടത്തിപ്പിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട് ; വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന ആജീവിക സ്കിൽസ് പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ കുടുംബശ്രീയെ നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2014-15 വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതി കുടുംബശ്രീ തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്ര ഗ്രാമവികസന വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. 118 കോടി രൂപ അടങ്കൽ ഉള്ള ഈ പദ്ധതിയിലൂടെ 2014-15 വർഷം 30000 യുവതീയുവാക്കൾക്കാണ് തൊഴിൽ നൽകാൻ ഉദ്ദേശിക്കുന്നത്. പദ്ധതി നടത്തിപ്പിലേയ്ക്കായി സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും, ബ്ലോക്കുതലത്തിലും പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി ജില്ലാകളക്ടർ ചെയർമാനായുള്ള ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കൽ, ജില്ലാതല കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം, യുവതീയുവാക്കളുടെ അയൽക്കൂട്ടതല വിവരശേഖരണം, പഞ്ചായത്തുതല റിസോഴ്സ്പേഴ്സൺമാരെ കണ്ടെത്തലും പരിശീലനം നൽകലും എന്നീ പ്രവർത്തനങ്ങളാണ് പ്രാധാനമായും നടന്നുവരുന്നത്. |

| | | | |
|---|---|---|---|
| (ബി) | എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സംസ്ഥാനത്തെ 30000 യുവതി യുവാക്കൾക്കാണ് 2014-15 വർഷത്തിൽ തൊഴിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ ; | (സി) | 2014-15 സാമ്പത്തിക വർഷത്തിൽ സമർപ്പിച്ച 118 കോടി അടങ്കലിന്റെ 75% കേന്ദ്രസർക്കാറും 25% സംസ്ഥാന സർക്കാരുമാണ് വഹിക്കേണ്ടത്. |
| (ഡി) | പദ്ധതിയുടെ വിശദാംശങ്ങൾ കേന്ദ്ര ഗ്രാമവികസനമന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | (ഡി) | 2014-15 വർഷത്തിൽ സംസ്ഥാനത്തെ 30000 യുവതീയുവാക്കൾക്ക് അവരുടെ അഭിരുചിയുടെയും, വിദ്യാഭ്യാസയോഗ്യതയുടെയും, അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ വിദഗ്ധ പരിശീലനം നൽകി തൊഴിൽ നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആയതിലേയ്ക്ക് 118 കോടി അടങ്കൽ ഉള്ള പദ്ധതി കേന്ദ്ര ഗ്രാമവികസന വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്; വിശദമാക്കുമോ? | (ഇ) | പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, ബ്ലോക്ക് തലത്തിലും പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്. പദ്ധതി ഏകോപനത്തിനും വിലയിരുത്തലിനും ജില്ലാകളക്ടർ ചെയർമാനായ ജില്ലാതല കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചുവരുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് യുവതിയുവാക്കളുടെ അയൽക്കൂട്ടതല വിവരശേഖരണം നടത്തിവരുന്നുണ്ട്. പദ്ധതിയുടെ ജില്ലാതല അവതരണവുമായി ബന്ധപ്പെട്ട് ജില്ലാതല കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം നടന്നുവരുന്നു. പദ്ധതിയുടെ പഞ്ചായത്തുതല പ്രവർത്തനങ്ങൾക്കുവേണ്ടി പഞ്ചായത്തുതല റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തുകയും അവരുടെ പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ